**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2760** **25-06-2024 - ൽ മറുപടിയ്ക്ക്**

**വർക്കലയിലെ മുനിക്കുന്ന് ലക്ഷംവീട് കോളനി നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | വർക്കല മണ്ഡലത്തിലെ മുനിക്കുന്ന് ലക്ഷംവീട് കോളനിയുടെ നവീകരണത്തിനായി 2020-21 ൽ ഫണ്ട് അനുവദിച്ചുവെങ്കിലും പ്രവൃത്തി ആരംഭിക്കാത്തതിനുള്ള കാരണം വിശദമാക്കുമോ; | (എ) | എസ്റ്റിമേറ്റിലെ ന്യൂനത പരിഹരിക്കുന്നതിനു വേണ്ടിയാണ് കാലതാമസം ഉണ്ടായിട്ടുള്ളത്. |
| (ബി) | പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനായി വകുപ്പും നിർവ്വഹണ ഏജൻസിയും സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ; | (ബി) | നിർവ്വഹണ ഏജൻസി തയ്യാറാക്കിയ എസ്റ്റിമേറ്റ് പരിശോധിക്കുകയും പ്രസ്തുത എസ്റ്റിമേറ്റിൽ ഉൾപ്പെട്ട റീട്ടെയിനിംഗ് വാളിന്റെ ന്യൂനത പരിഹരിക്കുന്നതിനായി ജില്ലാ ഓഫീസർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ജില്ലാ ഓഫീസർ നേരിട്ട് സ്ഥല സന്ദർശനം നടത്തി ടി പ്രവൃത്തിയുടെ ആവശ്യകത ബോധ്യപ്പെട്ട് 20-05-2024 ന് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റിന് അംഗീകാരം നൽകി പദ്ധതി ആരംഭക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്നു വ്യക്തമാക്കാമോ? | (സി) | മറുപടി (ബി) പിരിവിൽ ഉൾപ്പെടുത്തിയിരിക്കുന്നു |

സെക്ഷൻ ഓഫീസർ